# വർണ്ണങ്ങൾ

## ലിറ്റിൽ കൈറ്റ്സ്

ഇ-മാഗസിൻ

എൽ എം എസ് എച്ച് എസ് എസ്

അമരവിള

# താളുകൾ മറിയ്ക്കുമ്പോൾ


ആമുഖം ........................................ 4
ആശംസ ........................................ 5
മഴ ........................................ 7
യാത്രാവിവരണം ........................................ 8
ബാലവേലയുടെ യാതനകൾ ........................................ 10
കണ്ടൻ പൂച്ചയും ചക്കി മുയലും ........................................ 12
നിലാവിന്റ നിറങ്ങൾ ........................................ 14
വേര് ........................................ 15
എന്റെ നാട് ........................................ 16
യാത്രാവിവരണം ........................................ 18
യാത്രാവിവരണം ........................................ 20
ജീവചരിത്രക്കുറിപ്പ് ........................................ 22
കുസൃതി ചോദ്യങ്ങൾ ........................................ 24
യാത്രാവിവരണം ........................................ 25
എന്റെ ഗ്രാമം ........................................ 27
മഴത്തുള്ളികൾ ........................................ 29
പുഴ ........................................ 30
യാത്രാവിവരണം ........................................ 31
തീരവും തിരയും ........................................ 33
ജീവചരിത്രക്കുറിപ്പ് ........................................ 36

Friendship........................................................ 38
The Magical Bloom......................................... 40
Memories..........................................................42
Seed..................................................................44
Profile.............................................................. 45
Mountain.......................................................... 46
The impact of technology on modern society.. 47
മാങ്ങ...................................................................................... 50
Profile.............................................................. 52
അനാഥയായ കുട്ടി................................................... 53

# ആമുഖം

2023-26 ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ ഭാഗമായി അമരവിള എൽ എം എസ് ഹൈസ്കൂളിലെ ലിറ്റിൽകൈറ്റ്സുകൾ തയാറാക്കിയിരിക്കുന്ന **'വർണ്ണങ്ങൾ'** എന്ന ഇ-മാഗസിൻ മൂല്യമുള്ള സർഗസൃഷ്ടികളാൽ സമ്പന്നമാണ്. ഇവിടെ കുരുന്നു ഭാവനകൾ രൂപഭാവങ്ങൾ ആർജിച്ചിരിക്കുന്നത് കാണാം. ഈ കലാസൃഷ്ടിക്ക് നേതൃത്വം നൽകിയ ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ, മിസ്ട്രസ്, രചനകൾ നടത്തിയവർ, പലവിധത്തിൽ സഹായിച്ച, സഹകരിച്ച അധ്യാപകർ ഏവർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അർപ്പിച്ചു കൊണ്ട് **'വർണ്ണങ്ങൾ'** വായനയ്ക്കായി സമർപ്പിക്കുന്നു.

# ആശംസ



നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു ഇ-മാഗസിൻ തയാറാക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. കുട്ടികളിൽ അന്തർലീനമായിരിക്കുന്ന കഴിവുകൾ വികസിപ്പിക്കാൻ ഇത്തരം സാഹിത്യസൃഷ്ടികൾക്ക് കഴിയും. ഇതിന് നേതൃത്വം നൽകിയ കൈറ്റ് മാസ്റ്ററെയും, മിസ്ട്രസിനെയും, ക്രിയാത്മക സാഹിത്യ സൃഷ്ടികൾ നടത്തിയ വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു. **'വർണ്ണങ്ങൾ'** എന്ന ഇ-മാഗസിന് എന്റെ എല്ലാവിധ ആശംസകളും അറിയിക്കുന്നു.

ശ്രീമതി മേരി ജയിൻ എം എസ്, ഹെഡ്മിസ്ട്രസ്
എൽ എം എസ് എച്ച് എസ് എസ് അമരവിള.

# L M S H S S AMARAVILA

## LITTLE KITES MEMBERS
## (2023-2026)



**KITE MASTER - JOSE T R**

**KITE MISTRESS - JAIDA SUMAJAM J G**

കവിത

# മഴ



അൻഫിൻ പി ബെർസിംങ്

ഒത്തിരിനേരം കഴിഞ്ഞു
ഞാനൊന്നിത്തിരി പുറത്തിറങ്ങാൻ
മൗനം നിറഞ്ഞൊരാകാശത്തിലിപ്പോഴും
കാർമേഘം വിങ്ങിക്കരഞ്ഞിടുന്നു
കണ്ണീരാൽ നനഞ്ഞൊരീ ഭൂമിതൻ മാറിതാ,
പൊന്നു വിളയിക്കാൻ ഒരുങ്ങിടുന്നു.
നടവഴികൾ നീളെ നിറഞ്ഞൊഴുകിയീ മഴ
പുഴകളെ എങ്ങോ പുണർന്നിടുന്നു.

# യാത്രാവിവരണം



**അലൻ**
**9 D**

ഞാൻ ആദ്യമായി ഒരു യാത്ര പോകുന്നത് കടൽ കാണാനാണ്. ഞാനും എന്റെ കുടുംബവും അടങ്ങുന്ന അഞ്ചു പേര് ചേർന്നാണ് പോയത്. എന്റെ ചേട്ടന്റെ കാറിലായിരുന്നു യാത്ര. പോകുന്ന വഴിക്ക് പലവിധമായ വഴിയോര കാഴ്ചകൾ കാണാനും മനോഹരമായ പ്രകൃതി ആസ്വദിക്കാനും ഞങ്ങൾക്ക് കഴിഞ്ഞു. ആ കടലിന്റെ തീരത്തു ഞങ്ങൾ കുറേ സമയം ചിലവഴിക്കുകയും



ഇടയ്ക്കൊക്കെ കടലിന്റെ തിര കൊണ്ട് കാൽ നനയ്ക്കുകയും ചെയ്തു. കടൽ അന്ന് ഉൾവലിഞ്ഞു കിടന്നതുകൊണ്ട് ഞങ്ങൾക്ക് കൂടുതൽ ഉള്ളിലേക്ക് ചെല്ലാൻ കഴിഞ്ഞു. കുറച്ചു നേരം കഴിഞ്ഞപ്പോൾ ഞങ്ങൾ വീട്ടിലക്ക് മടങ്ങി. ഇത് എനിക്ക് നല്ലൊരു അനുഭവമായിരുന്നു.








# ബാലവേലയുടെ യാതനകൾ



വിവേക് എസ് എസ്
9B

ഒരിടത്ത് ഒരിടത്ത് ഒരു അമ്മയും രണ്ടു മക്കളും ഉണ്ടായിരുന്നു. ആൺകുട്ടിയുടെ പേര് കാർത്തിക്. പെൺകുട്ടിയുടെ പേര് വനജ. അവരുടെ അച്ഛൻ കൊറോണ വന്നു മരിച്ചു പോയി. അമ്മയ്ക്ക് കാൽ വേദന കൊണ്ട് നടക്കാൻ പറ്റില്ല. വനജ ഏഴാം ക്ലാസിലാണ് പഠിക്കുന്നത്. അവൾക്ക് പഠിക്കാൻ നല്ല ഇഷ്ടമാണ് പക്ഷേ കാശ് ഇല്ലാത്തതുകൊണ്ട് സ്കൂളിൽ പോയില്ല. കാർത്തിക് ഒമ്പതാം ക്ലാസ്സിൽ ആണ് പഠിക്കുന്നത് അവനും പഠിക്കാൻ നല്ല ഇഷ്ടമാണ്. അമ്മയ്ക്ക് വയ്യാത്തത് കൊണ്ട് അവനും സ്കൂളിൽ പോയില്ല. പിന്നെ അവൻ ഒരിടത്ത് പണിയായുധങ്ങൾ ഉണ്ടാക്കുന്ന പണിക്ക് പോകാൻ തുടങ്ങി.

ആ ആലയുടെ ഉടമസ്ഥന്റെ പേര് ഭാസ്കരൻ എന്നായിരുന്നു. അയാൾ വലിയ ഒരു ഗുണ്ടയായിരുന്നു. പിന്നെ പിന്നെ വലിയ ജോലിക്കാരെ പറഞ്ഞു വിട്ടു. അവനെ കൊണ്ട്

എല്ലാ ജോലിയും ചെയ്യിച്ചു. പണിയായുധങ്ങൾ ഉണ്ടാക്കുമ്പോൾ അവൻ കരഞ്ഞുകൊണ്ട് നിന്നാണ് ചെയ്യുന്നത്. അവൻ ജോലി കഴിഞ്ഞ് വീട്ടിൽ പോയി രാത്രിയാണ് പഠിച്ചത്. അവൻ ഒരു ദിവസം വരാത്തതുകൊണ്ട് അവനെ കുറെ തല്ലി.

തല്ലിനിടയിൽ അവന്റെ കണ്ണിൽ കൊണ്ട് അവന്റെ കാഴ്ച നഷ്ടപ്പെട്ടു. ഇതിനെതിരെ സമരം തുടങ്ങി. പിന്നെ കോടതി പറഞ്ഞു – കാർത്തികിന് ഭാസ്കറിന്റെ കണ്ണ് കൊടുക്കണം. അങ്ങനെ പറയാൻ കാരണം കണ്ണ് കൊടുത്തില്ലെങ്കിൽ ഭാസ്കരനെ കൊല്ലുമായിരുന്നു. ആ ഒരു വിഷയത്തോട് കൂടി ബാലവേല നിർത്തലാക്കി. പിന്നെ എല്ലാ കുട്ടികളും പഠിയ്ക്കാൻ തുടങ്ങി. പഠിക്കാൻ പറ്റാത്ത കുട്ടികളെ സർക്കാർ സംവിധാനം സഹായിക്കാനും തുടങ്ങി. കുറെ കഷ്ടപ്പെട്ടെങ്കിലും അവന്റെ അനിയത്തിക്ക് പഠിക്കാൻ പറ്റി. പിന്നെ അമ്മയുടെ കാൽ വേദന മരുന്ന് കഴിച്ചു മാറ്റുകയും ചെയ്തു. എല്ലാവർക്കും സന്തോഷമായി.





# കണ്ടൻ പൂച്ചയും ചക്കി മുയലും



കീർത്തന രതീഷ്
9B

ഒരിടത്തൊരിടത്ത് ഒരു അഹങ്കാരിയായ ഒരു പൂച്ച ഉണ്ടായിരുന്നു. ആ പൂച്ചയുടെ പേരാണ് കണ്ടൻ പൂച്ച. അവിടെ നല്ല സുന്ദരിയായ ഒരു മുയലും ഉണ്ടായിരുന്നു. എങ്കിലും യാതൊരു അഹങ്കാരവും അവൾക്കില്ല. ഈ കണ്ടൻ പൂച്ച അഹങ്കാരത്തോടെ പല വീടുകളിൽ നിന്നും ആഹാരം മോഷ്ടിക്കുമായിരുന്നു.

ഒരു ദിവസം കണ്ടൻ പൂച്ച ഒരു വീട്ടിൽ കയറി ആഹാരം മോഷ്ടിക്കുന്നത് ചക്കി മുയൽ കണ്ടു. പൂച്ചയെ നന്നാക്കുന്നതിനുവേണ്ടി അവനോട്

കൂട്ടുകൂടി. എന്നാൽ കണ്ടൻ പൂച്ചയ്ക്ക് ആദ്യം ഒന്നും അവളെ ഇഷ്ടമായിരുന്നില്ല. അവൾ ദിവസവും അവന് ആഹാരം കൊണ്ടു കൊടുക്കുമായിരുന്നു. അങ്ങനെ കണ്ടൻ പൂച്ചയുടെ മനസ്സിൽ അവൾ ഇടം നേടി. പതുക്കെ പതുക്കെ കണ്ടൻ പൂച്ചയുടെ സ്വഭാവത്തിൽ മാറ്റം വന്നു തുടങ്ങി. മറ്റുള്ളവരെ ധിക്കരിക്കുന്നത് നിർത്തി. അഹങ്കാരം ഇല്ലാതായി. പിന്നെ പിന്നെ കണ്ടൻ പൂച്ചയും ചക്കി മുയലും വിട്ടു പിരിയാത്ത കൂട്ടുകാരായി.

കവിത

# നിലാവിന്റ് നിറങ്ങൾ



അദ്വൈത് ബി നാഥ്
9E

നിലാവ് പെയ്തിറങ്ങിയ ഒരു സന്ധ്യയിൽ .....

അനന്തമായ ആകാശത്തേക്ക് നോക്കി ........

കുഞ്ഞു കുഞ്ഞു പൂത്തിരി കത്തിച്ചപോലുള്ള നക്ഷത്രങ്ങൾ

ഉദിച്ചുയർന്നു നിൽക്കുന്ന ചന്ദ്രന്റെ ശോഭ

എങ്ങും നിലാവ് പരത്തി

ആ നറുനിലാവിൽ നിശാഗന്ധി പൂത്തപോലെ

ആ മാസ്മരിക ഗന്ധത്തിൽ മനമലിഞ്ഞു

കവിത

# വേര്




അപ്സര എസ് അജയൻ
9D


ചില വേരുകളുണ്ട്......!
മുറിച്ചു വേർപെടുത്തിയാലും
മണ്ണിൽ പുത്തഞ്ഞുകിടക്കും
ക്ഷോഭങ്ങളെയെല്ലാം
പ്രതിരോധിക്കാനുള്ള
കരുത്താർജ്ജിച്ചു
വൃക്ഷത്തിനൊപ്പം നിന്നാലും
മുകളിലോട്ടുയരുന്ന
വൃക്ഷമൊരിക്കലും
താഴോട്ടു നോക്കാറില്ല
വേരിലാണ് തന്റെ
ജീവനാഡിയെന്നറിയുമ്പോഴേക്ക്
വൃക്ഷം കടപുഴകി വീണിരിക്കും......!

# എന്റെ നാട്



അജില എസ് എസ്
9D

എന്റെ നാട്, എന്റെ നാട്
കേരളമാണെന്റെ നാട്
ധീര വീരന്മാരുടെ നാട്
ജീവിക്കൂ, ഈ നാടിൻ മക്കളായ്
മരിക്കൂ, ഈ നാടിനായ്
ധീര സൈനികരുടെ നാട്

എന്റെ നാട്, എന്റെ നാട്
ശ്രീനാരായണ ഗുരുവിന്റെയും
കുമാരനാശാന്റെയും നാട്
ദൈവത്തിന്റെ സ്വന്തം നാട്
കേരങ്ങളുടെ നാട്
ജീവിതമാണ് എന്റെ നാട്



എന്റെ നാട്, എന്റെ നാട്
ജീവശ്വാസമാണ് എന്റെ നാട്
കണ്ണുനീർത്തുള്ളിയാണ് എന്റെ നാട്
ജാതി, മതഭേദമില്ലാത്ത നാട്
ഐക്യസമത്വമായ നാട്
എന്റെ നാട്, എന്റെ അഭിമാനം.

# യാത്രാവിവരണം




**സ്റ്റെഫിൻ എസ്**
**9E**


എന്റെ ജീവിതത്തിൽ മറക്കാൻ കഴിയാത്ത ദിവസമായിരുന്നു ഞാൻ എന്റെ കുടുംബത്തോടൊപ്പം പോയ യാത്ര.. അതും മുംബൈയിലേയ്ക്ക്.....എന്റെ അനേകം ബന്ധുക്കൾ അവിടെയാണ് താമസിക്കുന്നത്. ഞാൻ അവിടെ പോയപ്പോൾ അവിടെ ഒരു പ്രത്യേക അന്തരീക്ഷമായിരുന്നു. എവിടെ നോക്കിയാലും ആൾക്കൂട്ടത്തിന്റെ തിരക്ക്. അവിടെ എത്തിച്ചേർന്നപ്പോൾ തന്നെ അധികം വൈകിയിരുന്നു.



അവിടെ ഒരു ലോഡ്ജിലായിരുന്നു ഞങ്ങൾ താമസിച്ചിരുന്നത്. അതിനാൽ ആ ദിവസം പെട്ടന്ന് കടന്നു പോയി.

അടുത്ത ദിവസം ഞാൻ എന്റെ സഹോദരങ്ങളോടുകൂടെ 'ഗേറ്റ് വേ ഓഫ് ഇന്ത്യ' കാണാൻ പോയി. അന്ന് മുഴുവൻ ഞാൻ അവിടെ ചുറ്റി കറങ്ങി. എനിക്ക് ആവശ്യമുള്ള ഒരുപാട് സാധനങ്ങൾ വാങ്ങി. ഭക്ഷണം കഴിച്ചു. എനിക്ക് അവിടെ നിന്നു തിരിച്ചു വരാൻ തോന്നിയില്ല. എനിക്ക് വളരെ സന്തോഷം നൽകിയ ഒരു യാത്രയായിരുന്നു അത്. എനിക്ക് വീണ്ടും അവിടെ പോകാൻ തോന്നുന്നു. ഇനി എന്നു പോവുമെന്ന് അറിയില്ല. എന്തായാലും ഇനിയും ഒരിക്കൽക്കൂടെ ഞാൻ അവിടെ പോകും.

# യാത്രാവിവരണം



ആർഷ എസ് പി
9D

യാത്രകൾ മനോഹരവും വിസ്മയവും നിറഞ്ഞ അനുഭവങ്ങൾ നമുക്ക് സമ്മാനിക്കുന്നു. ഞാൻ കഴിഞ്ഞ അവധിക്കാലത്തെ ഒരു യാത്രാ വിവരണമാണ് ഇവിടെ പങ്കുവെക്കുന്നത്. എന്റെ കുടുംബമടങ്ങുന്ന അഞ്ചു പേരാണ് ഈ യാത്രയ്ക്ക് പോയത്. നമ്മുടെ വീട്ടിൽ നിന്ന് അധികം ദൂരം ഒന്നുമില്ലെങ്കിലും ആ യാത്ര എനിക്ക് നല്ല അനുഭവങ്ങളാണ് നൽകിയത്.  പൂവാർ കടൽ കാണാൻ ഒരു വൈകുന്നേരത്ത് കാറിലാണ് ഞങ്ങൾ പോയത്. അവിടെയെത്തി തിരമാലയിൽ നിറയെ നേരം കളിച്ചു. അവിടെ ഞങ്ങൾ മണലിൽ

കുഞ്ഞു ദ്വാരങ്ങൾ കണ്ടു. അതിൽ ഞണ്ടുകൾ ഒളിഞ്ഞിരിപ്പുണ്ടായിരുന്നു. അതിലൊന്നിനെ പിടിച്ചു.  അതിനുശേഷം അവിടെ  മനോഹരമായ പല നിറത്തിലും വലിപ്പത്തിലുമുള്ള ചിപ്പിത്തോടുകൾ ഉണ്ടായിരുന്നു. അതിൽ കുറെ ശേഖരിച്ചു. നിറയെ ഫോട്ടോകൾ എടുത്തു. അതിനുശേഷം തിരിച്ചുവരുന്ന വഴിക്ക് കടയിൽ നിന്നും ഭക്ഷണം കഴിച്ചു. ഏഴു മണിക്ക് വീട്ടിലെത്തി. ചില ദിവസങ്ങളിൽ അവിടെ നിന്ന് ശേഖരിച്ച ചിപ്പികൾ കണ്ടും കളിച്ചും രസിച്ചു.

# ജീവചരിത്രക്കുറിപ്പ്



വിക്ടർ മരീ യൂഗോ




കൃഷ്ണജിത്ത് ജി ജെ
9B

വിക്ടർ യൂഗോ 1802 ഫെബ്രുവരി 26 ന് ഫ്രാൻസിലെ ബെസാൻകോണിൽ ജനിച്ചു. ഫ്രഞ്ച് കവി, നോവലിസ്റ്റ്, നാടകകൃത്ത്, ഉപന്യാസകാരൻ, ദൃശ്യകലാകാരൻ, മനുഷ്യാവകാശ പ്രവർത്തകൻ എന്നീ നിലകളിൽ പ്രസിദ്ധി നേടി. ഫ്രാൻസിലെ കാൽപ്പനിക പ്രസ്ഥാനത്തിലെ പ്രശസ്തമായ നോവൽ "ലെ മിസറബിൾസ് (Les Miserables)" പ്രധാന കൃതി. നാലപ്പാട്ട് നാരായണ മേനോൻ ഈ കൃതി "പാവങ്ങൾ" എന്ന പേരിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ട്.



# കാളിദാസൻ

വിശ്വവിശ്രുതനായ സംസ്കൃത മഹാകവി. വിക്രമാദിത്യ സദസ്സിലെ നവരത്നങ്ങളിൽ ഒരാളായി അറിയപ്പെടുന്നു. അനേകം ഐതിഹ്യങ്ങൾ പ്രചാരത്തിലുണ്ട്.മാളവം എന്ന ദേശത്ത് ജീവിച്ചിരുന്നതായി കരുതുന്നു. അഭിജ്ഞാന ശാകുന്തളം, മാളവികാഗ്നിമിത്രം, വിക്രമോർവശീയം (നാടകങ്ങൾ), കുമാരസംഭവം, രഘുവംശം (മഹാകാവ്യങ്ങൾ ) ഋതുസംഹാരം (ഖണ്ഡകാവ്യം), മേഘസന്ദേശം (സന്ദേശകാവ്യം) എന്നിവയാണ് മുഖ്യ കൃതികൾ.



# കുസൃതി ചോദ്യങ്ങൾ



നന്ദന ജെ എൻ
**9E**



1.കാഴ്ചയുള്ളവരും അന്ധരും ഒരുപോലെ കാണുന്നത്?
സ്വപ്നം
2.ഞാൻ നിങ്ങളോടൊപ്പം ഓടുന്നു. എന്നാൽ കാലില്ലാത്തതിനാൽ ഞാൻ നടക്കാറില്ല.
വാഹനങ്ങളുടെ നമ്പർ പ്ലേറ്റ്
3.സ്ഥാനക്കയറ്റം തുടരുന്ന ഒരു ജോലി?
തെങ്ങുകയറ്റം
4.സ്റ്റോറേജ് ഇല്ലാത്ത ടേബിൾ?
ടൈം ടേബിൾ
5.ജയിക്കുന്നവർ പിന്നോട്ടും തോൽക്കുന്നവർ മുന്നോട്ടും പോകുന്ന മത്സരം?
വടംവലി

# യാത്രാവിവരണം



## ഊട്ടിയിലേക്കൊരു യാത്ര

കൃഷ്ണ ഇന്ദു ഡി എസ്
9B

യാത്രകൾ എന്നും വിസ്മയങ്ങൾ നിറഞ്ഞ അനുഭവങ്ങൾ ആണ് സമ്മാനിക്കുന്നത് . ഇത്തവണ ഓണ അവധിയ്ക്കാണ് ടി വി യിലും യൂട്യൂബിലും മാത്രം കണ്ടിരുന്ന ഊട്ടിയിലേക്ക് ഒരു യാത്ര പോയത്. ഞാനും കുടുംബവും സന്തോഷത്തിലായിരുന്നു. ഞങ്ങൾ സെപ്തംബർ 24 ന് പുലർച്ചെ 3 മണിക്കാണ് യാത്ര തുടങ്ങിയത്. ഞാൻ കാറിന്റെ ജനാലയ്ക്കരികെ തന്നെ സീറ്റു പിടിച്ചു. എന്റെ പുതിയ ഉടുപ്പായിരുന്നു ധരിച്ചിരുന്നത്. എല്ലാവരും സ്വെറ്ററും കമ്പിളി കുപ്പായങ്ങളും കയ്യിൽ കരുതിയിരുന്നു. എട്ടു മണിയായപ്പോൾ ഞങ്ങൾ പോകുന്ന വഴിയരികിലെ ഒരു



ഹോട്ടലിൽ കഴിക്കാൻ കയറി.

മനോഹരമായ പൈൻമരങ്ങൾക്കിടയിലൂടെ വളഞ്ഞു പിരിഞ്ഞ ചുരങ്ങൾ കയറി കാർ മുന്നോട്ട് നീങ്ങുമ്പോൾ തണുപ്പ് കൂടിക്കൂടി വരുന്നതായി അനുഭവപ്പെട്ടു. എത്രയോ സിനിമാ പാട്ടുകളിൽ കണ്ട ആ കുന്നിലേക്ക് സന്ദർശകരുടെ ഒഴുക്കായിരുന്നു. കുന്നിനു മുകളിലും ചരുവിലുമായി ഞങ്ങൾ നടക്കുകയും ചെയ്തു. ഊട്ടി എത്തിയപ്പോൾ ഉറക്കം  എഴുന്നേറ്റു ഞാൻ പുറത്തോട്ടു നോക്കി. അതിമനോഹരമായ ഒരു കാഴ്ച ആയിരുന്നു.



വിവരണം

# എന്റെ ഗ്രാമം



നവനീത് വി എസ്
9E

എന്റെ ഗ്രാമം എനിക്ക് വളരെ ഇഷ്ടമാണ്. പച്ചപ്പ് വിരിഞ്ഞു നിൽക്കുന്ന പാടങ്ങൾ. ഉയർന്ന് പന്തലിച്ചു നിൽക്കുന്ന മരങ്ങൾ. മീനുകൾ നിറയെയുള്ള ഒരു വലിയ കുളം. അടുത്ത് അടുത്ത് ഇരിക്കുന്ന വീടുകൾ. രാവിലെ എണീക്കാൻ വേണ്ടി കൊക്കരിക്കുന്ന കോഴികൾ... തേൻ കുടിക്കാൻ പാറിനടക്കുന്ന പൂമ്പാറ്റകളും, തുമ്പികളും, വണ്ടുകളും തേനീച്ചകളും. കാറ്റത്ത് ആടി ഉലയുന്ന തെങ്ങുകൾ. മരങ്ങളിൽ കൂടുകൾ കൂട്ടുന്ന കിളികൾ. വെക്കേഷൻ സമയത്ത് പൂക്കൾ പോലെ തൂങ്ങിനിൽക്കുന്ന മാങ്ങകൾ.

വിഷു സമയങ്ങളിൽ നിറഞ്ഞ് പൂത്തു നിൽക്കുന്ന കണിക്കൊന്ന.. പൂക്കൾ പൊഴിയുമ്പോൾ അത്തപൂക്കളം പോലെ ചുവട്ടിൽ കിടക്കും.

ഗ്രാമത്തിന്റെ മധ്യ ഭാഗത്തുള്ള പ്രൈമറി

വിദ്യാലയം നാടിന് വലിയ സന്തോഷമാണ്. നമ്മുടെ ഈ ഗ്രാമത്തിന്റെ ഐശ്വര്യം ആണ് നെയ്യാർഡാം. മഴ പെയ്യുമ്പോൾ ഡാമിൽ വെള്ളം നിറഞ്ഞ് വെള്ളച്ചാട്ടം പോലെ മനോഹരമായി ഒഴുകി വരും. ഗ്രാമത്തിൽ അനേകം പള്ളികളും കോവിലുകളും ഉണ്ട്. ആളുകൾ പ്രാർഥിക്കാൻ വരും. നാട്ടുകാർക്ക് എന്നും സന്തോഷമാണ്.ഗ്രാമത്തിൽ ഉള്ള കടകളും ചന്തകളും സാധനങ്ങൾ വാങ്ങാൻ ആൾക്കാരുടെ തിരക്കാണ്. പുല്ല് തിന്നുകൊണ്ട് നിൽക്കുന്ന പശുക്കൾ ഉണ്ട്.ചൂളം അടിച്ചു കൊണ്ടു പാഞ്ഞു പോകുന്ന തീവണ്ടിയുടെ ശബ്ദം ചെവിയിൽ അല അടിക്കുന്നു. എത്ര കണ്ടാലും മതി ആവാത്ത മനോഹരമായ ഗ്രാമമാണ് എന്റെ സുന്ദര ഗ്രാമം.



# മഴത്തുള്ളികൾ



അൻപുലാൽ എസ് എ
9E

ഓരോ മഴത്തുള്ളികൾക്കും
ഓരോ കഥകൾ പറയാനുണ്ട്.
എല്ലാത്തിനും സാക്ഷിയായയവൾ
ഭൂമിയിൽ പതിക്കുമ്പോൾ -

ആ കഥകളും അവളുടെ ഒപ്പം
മണ്ണിൽ അലിഞ്ഞു ചേരുന്നു.
എല്ലാം മറന്നു വീണ്ടും
മഴയായി പെയ്തിറങ്ങുന്നു.

# പുഴ

കവിത



ജിഷ്മോൻ
9E

ചില നേരമിങ്ങനെ
ഏറെ നിശബ്ദമായ്
പുലരിയെ കണ്ണട-
ച്ചേറ്റു വാങ്ങീടണം

ചില നേരമാ ഗാഢ-
മൗനവും നീലിച്ച
നിലാവിന്റെ പൂക്കളും
ചേർത്തു വച്ചീടണം

അതുപോൽ നിരർത്ഥക
മെങ്കിലും കൂരിരുൾ
കുത്തിയൊലിച്ചു പോയ്
മടുക്കാതിപ്പുഴ.

# യാത്രാവിവരണം



അക്ഷയ് ദിലീപ്
9E

ഞാൻ 09.08.2024 വെള്ളിയാഴ്ച രാവിലെ 6:30 ന് എന്റെ കൂട്ടുകാർക്ക് ഒപ്പം വേളി, ഹാപ്പി ലാൻഡ് എന്നീ ഇടങ്ങളിൽ സ്കൂളിൽനിന്ന് വിനോദയാത്ര പോയി. ആദ്യം പോയത് വേളിയിലായിരുന്നു. പ്രകൃതിരമണീയമായ കാഴ്ചകൾ അവിടെയുണ്ടായിരുന്നു. അവിടെ മുഴുവൻ ഞങ്ങൾ ചുറ്റി കണ്ടു. അവിടെ വച്ചാണ് ഞങ്ങൾ  കാപ്പി കുടിച്ചത്.

തുടർന്ന് ഹാപ്പി ലാൻഡിലേക്ക് യാത്രയായി. അവിടെ ഞാനും എന്റെ കൂട്ടുകാരും കളിച്ചു, ഒരുപാട് റൈഡുകളിൽ കയറി. ഒരു റൈഡിൽ കയറിയപ്പോൾ ഞങ്ങൾ തറയിൽ വീഴുമെന്ന് വല്ലാതെ ഭയന്നു. അത് ഭയങ്കരമായ ഒരു റൈഡ്

ആയിരുന്നു. അതിനു ശേഷം ഞങ്ങൾ ചിക്കൻ ബിരിയാണി  കഴിച്ചു. വീണ്ടും ഞങ്ങൾ വെള്ളത്തിൽ ഉല്ലസിച്ചിട്ട് വൈകുന്നേരം ചായയും പഴംപൊരിയും കഴിച്ചിട്ട് വീട്ടിലേക്ക് യാത്ര തിരിച്ചു. പോകുമ്പോൾ, വാഹനത്തിൽ ഡാൻസ് കളിച്ചു. അന്നത്തെ ദിവസം വളരെ മനോഹരമായിരുന്നു. ഞാൻ ഒരിക്കലും മറക്കാത്ത ദിനം.

# തീരവും തിരയും

കവിത



ഭവ്യ ജി അനൂപ്
9E

തിരമാല ആർത്തലച്ച തിരമാല
മണൽ തരിയെ ഉമ്മ വെച്ചപ്പോൾ കുളിരുകോരി

അമ്മ കാലിൽ തൊട്ട് അമ്മ കണ്ണിൽ തൊട്ട്
അമ്മ തലോടിയ പോലെ

ഉള്ളം കൈയിൽ ചേർത്തു പിടിച്ച പോലെ
ആകാശം പോലെ പരന്ന കടൽ

തിരയിൽ ഒരു സ്വപ്നക്കൂടൊരുക്കി അവൾ
അമ്മുവിന്റെ സ്വപ്ന ചിറകിൽ

കടലും തിരയും കൈകോർത്ത് മുട്ടിയുരുമ്മി
പതഞ്ഞുപൊങ്ങിയ ഓരോ മണൽത്തരിക്കും

ഒരോരോ കഥകൾ പറയാൻ ഉണ്ട്
ഐസ്ക്രീമിന്റെ നനുത്ത തുള്ളികൾ

ചുട്ടു പൊള്ളുന്ന മണൽ തരിയെ
തഴുകിയപ്പോൾ തൊട്ടുമ്മവെച്ചപ്പോൾ

അമ്മ മാടിവിളിച്ച് നെഞ്ചോട് ചേർത്ത്
അമ്മിഞ്ഞപാൽ തന്ന പോലെ

കുളിരും വെയിലും തണലും തണുപ്പും
കണ്ടും കേട്ടും മോഹിച്ചും എത്രയെത്ര ജന്മങ്ങൾ .....

എത്രയെത്ര  സ്നേഹങ്ങൾ എത്രയെത്ര കലഹങ്ങൾ....
എത്ര സ്നേഹ ലാളനകൾ ഓരോ

മണൽത്തരിയും ഏറ്റുവാങ്ങി.
ഓരോ തിരയും ഓരോ കഥ പറയുമ്പോൾ

ഓരോ മണൽത്തരിക്കും ഓരോരോ സ്വപ്നങ്ങൾ ഉണ്ട്
ഓരോരോ കഥയുണ്ട് നഷ്ടമോഹങ്ങൾ നഷ്ടസ്വപ്നങ്ങൾ

പൊട്ടിയ കുപ്പിവളകൾ ചിപ്പിയും ശംഖും തീർത്ത തീരം
ഒരു പുണരലിനായി അവൾ കാത്തിരുന്നു.....

ആഞ്ഞടിച്ച് സംഹാര താണ്ഡവമാടി വന്ന ഒരുവലിയ
തിരഅമ്മുവിന്റെ സ്വപ്നങ്ങളെ കൊഴിച്ചടർത്തി

കണ്ണീരൊലിച്ച് ചോരയിറ്റു വീണ അവളുടെ
ഹൃദയത്തിൽ നനുത്ത സ്പർശമായി ഒരിളംകാറ്റ് വീശി

ആ കാറ്റിൽ അവൾ ആടിയുലഞ്ഞു പോയ്
മുന്നിൽ കൈ നീട്ടി വന്ന കുഞ്ഞാവ കുട്ടിയെ

കണ്ടില്ലെന്നു അവൾ നടിച്ചു
വീണ്ടുംവാരിപ്പുണർന്നു

രാവിരുളുന്നതും അകലെ കടലിൽ ഒരു
കുങ്കുമപൊട്ടായി സൂര്യൻ അമരുന്നതും നോക്കി

നെടുവീർപ്പിട്ട ഹൃദയങ്ങളിൽ ഇടിമുഴക്കത്തിന്റെ
ഒച്ചപോലെ അടുത്ത തിര കടന്നെത്തുകയായി

ഇനിയെന്ത് ?

# ജീവചരിത്രക്കുറിപ്പ്





അമൃത എ എം
9c

## കുമാരനാശാൻ

തിരുവനന്തപുരം ജില്ലയിലെ കായിക്കരയിൽ നാരായണൻ - കാളിയമ്മ ദമ്പതികളുടെ മകനായി 1873 ഏപ്രിൽ 12 നാണ് ആശാന്റെ ജനനം. കുമാരു എന്നായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ പേര്. പതിനാലാം വയസ്സിൽ സംസ്കൃത വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ അധ്യാപകവൃത്തിയിൽ പ്രവേശിച്ചതോടെയാണ് കുമാരനാശാൻ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയത്. 1891-ൽ ശ്രീനാരായണ ഗുരുവിനെ പരിചയപ്പെട്ടതോടെ ആശാന്റെ ജീവിതലക്ഷ്യം തന്നെ മാറി മറിയുകയായിരുന്നു. ഗുരു ആശാനെ

ഉപരിപഠനത്തിനായി ബാംഗ്ലൂരിലേക്ക് അയച്ചു. ഇംഗ്ലീഷിൽ അഗാധ പരിജ്ഞാനം നേടിയ അദ്ദേഹത്തിന്റെ കാവ്യ ജീവിതത്തിൽ പാശ്ചാത്യ കവിതകൾ ഏറെ സ്വാധീനം ചെലുത്തി. കുമാരനാശാന്റെ ആദ്യത്തെ കാവ്യം ആയിരുന്നു വീണപൂവ്. 1922-ൽ വെയിൽസിലെ രാജകുമാരൻ കേരളത്തിൽ മഹാകവി എന്ന നിലയിൽ അദ്ദേഹത്തെ പട്ടും വളയും നൽകി ആദരിച്ചു. മഹാകാവ്യങ്ങൾ ഒന്നും എഴുതിയിട്ടില്ലാത്ത അദ്ദേഹത്തിന് മഹാകവി എന്ന പദവി നൽകിയത് മദ്രാസ് സർവകലാശാലയാണ്. പ്രധാന കൃതികൾ- വീണപൂവ്, നളിനി, ലീല, ചിന്താവിഷ്ടയായ സീത, ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ, കരുണ, ശ്രീബുദ്ധചരിതം,സൗന്ദര്യലഹരി,സിംഹപ്രസവം, ഗ്രാമവൃക്ഷത്തിലെ കുയിൽ, വനമാല, സുബ്രഹ്മണ്യശതകം. 1924 ജനുവരി 16 ന് പല്ലനയാറ്റിൽ വച്ചുണ്ടായ റെഡീമർ ബോട്ടപകടത്തിൽപ്പെട്ടാണ് കുമാരനാശാന്റെ വിയോഗം.





# Friendship

Soorya Jyothi
9B

A bond so strong, a tie so true,
Friendship, like ours, forever shines through.

In laughter and tears, we've shared our past,
Together forever, our bond will forever last.

You're more than just a friend, you're family too,
A partner in crime, a companion true.

We've danced under stars,in warm summer nights,
Shared secrets and dreams and made memories
that ignite.

Through thick and thin, every up and down,
Our friendship has grown, and never let us down.

So here, to you, dear friend, a treasure so rare,
A friendship like ours is a gift beyond comparison.



# The Magical Bloom



Anjana S B
9C

Once upon a time, in a small village there lived a young girl named Sophia. Sophia was known through out the village for her kind heart and her love of flowers. One day while out on a walk, sophia stumbled upon a hidden garden filled with the most beautiful flowers. It was a small delicate bloom that caught her eye.

As she reached out  to touch the flower, a soft voice whispered in her ear, "pick me, sophia and I will grant you a single wish".

Sophia's eyes widened with wonder and she carefully plucked the flower. As she held it in her hand, she thought about all the things she could wish for - wealth, fame and happiness.

But then she looked around at the beautiful garden full of flowers that brings joy to all who saw them. And she thought

about the villagers, who worked so hard every day to make both ends meet.

"I wish for the ability to make others happy ", Sophia said finally, her voice filled with conviction.

As soon as the words left her lips, the flower began to glow, and Sophia felt a strange sensation wash over her. From that one day in, she found that she had the power to make anyone smile, just by being near them.

And Sophia lived happily ever after, spreading joy and happiness through out the village, one smile at a time.



# Memories



Abitha D S
9D

Memories, like whispers in the night
Echoes of moments, that shone with delight
A fragrance, a melody, a taste, a touch
Triggers the recall, of a memory so much

In the attic of mind, they're stored with care
Treasured recollections, beyond compare
Some faded with time, like polaroid prints
Others vivid, as if the moment still hints

Memories of laughter, of tears, of glee
Moments that shaped me, and made me see
The beauty of life, in all its design
A tapestry rich, with memories that entwine

So I hold on to them, these memories of old
Cherishing the moments, that never grow cold
For in their recall, I relive the past
And memories become, the memories that last



*A day you laughed through tears*
*A day of contradictions, of joy and of pain*
*When laughter and tears entwined, like summer rain*
*I cried until I laughed, and laughed until I cried*

*My heart, a jumble of emotions, as I tried*
*To make sense of the moment, of the joy and the strife*
*But all I could do was feel, and let the emotions rife*
*The laughter was a release, a catharsis of the soul*

*A reminder that even in pain, joy can make us whole*
*The tears were a reminder, of the love and the loss*
*A grief that still lingered, but no longer the cost*
*That day, I laughed through tears*

*And found a way to heal a day that taught me*
*That joy and pain can both be real*
*And though the tears still fell, they were no longer alone*
*Laughter had joined them and made the heart feel home.*

# SEED

Poem



Sanjay
9D

*In the heart of a seed,*
*Buried deep, so deep*
*A tiny plant lay fast asleep*
*"Wake," Said the sunshine,*
*And creep to the light "*
*"Wake", said the voice*
*Of the rain drops bright.*

*The little plant heard*
*And it rose to see,*
*What the wonderful,*
*Outside world might be.*



# M T VASUDEVAN NAIR(1993-2024)



karthik
9B

*Madath Thekkepattu Vasudevan Nair, popularly known as MT, was an Indian novelist, screenwriter and movie director. MT was born in kudallur, British India. He was known for his roles in Naalukettu, Randamoozham, Manju, Kaalam, Asuravithu and Iruttinte Aathmavu. In 2005, he was honoured with the PadmaBhushan. MT Vasudevan Nair passed away on 25 December 2024.*

# Mountain



APARNA
9E

*The mountain's grandeur, a sight to see*
*A towering presence, of majesty*
*Its peaks a challenge, to those who dare*
*A test of courage, and strength to share.*

*The mountain's beauty, is a treasure rare*
*A gift to behold, beyond compare*
*Its slopes a haven, for wildlife to roam*
*A sanctuary, in a fragile home.*

*The mountain's spirit, is a story told*
*A legend of wonder, of secrets to unfold*
*Its ancient wisdom, is a mystery to share*
*A tale of awe, and reverence to spare.*

# The impact of technology on modern society



VISHNU SANKAR K
9E

*Technology has revolutionised the way we live,work and communicate. The rapid advancement of technology has transformed modern society in countless ways,bringing about numerous benefits and challenges. This essay will explore the impact of technology on modern society,highlighting its effect on communication, education,employment and social relationships.*

*One of the most significant impacts of technology has been on communication.The advent of smartphones, social media and the messaging apps has made it easier than ever to connect with people across the globe. Technology has enabled instant communication,bridging geographical gaps and fostering global connectivity. However excessive*

*reliance on digital communication has also led to concerns about social isolation, decreased the face to face interaction, and erosion of deep meaningful relationship.*

*Technology has also transformed the education sector. Online learning platforms, educational softwares, and digital resources have made learning more accessible, flexible and engaging. Students can now access a vast array of educational materials, participate in virtual classrooms, and collaborate with peers world wide. Nevertheless, the over reliance on technology has raised concerns about the decline of traditional teaching methods, decreased attention span, and the potential for unequal access to digital resources.*

*The impact of technology on employment has been multifaceted. Automation, artificial intelligence, and machine learning have increased efficiency, productivity, and innovation in various industries. However, these advancements have also led to job displacement, particularly in sectors where tasks are repetitive or can be easily automated. Further more, the gig economy and remote work arrangements have created new opportunities for flexible employment,*

*but also raised concerns about job security, benefits and work life balance.*

*Finally, technology has significantly influenced social relationships. Social media platforms have enabled people to connect with others who share similar interests, backgrounds or experiences. However, excessive social media use has also been linked to increase stress, anxiety and decreased self-esteem. Moreover, the proliferation of cyber bullying, online harrasment and fake news has highlighted the need for responsible technology use, digital literacy and online etiquette.*

*In conclusion, technology has profoundly impacted modern society, bringing about numerous benefits and challenges. While technology has enhanced communication, education and employment opportunities, it has also raised concerns about social isolation, job displacement and decreased face to face interaction. As technology continues to evolve, it is essential to address these challenges, promote responsible technology use and harness the potential of technology to create a more equitable, connected and sustainable society.*

# മാങ്ങ

വിവരണം





മാനസ്
9C

മാങ്ങ നമ്മുടെ ദേശീയ ഫലമാണ്. പഴങ്ങളുടെ രാജാവ് എന്ന് അറിയപ്പെടുന്നു. വളരെ രുചികരമായ ഒന്നാണ് അത്. എല്ലാവർക്കും വളരെ ഇഷ്ടപ്പെടുന്ന ഒരു ഫലമാണ് മാങ്ങ. അതിൽ തന്നെ രണ്ട് രുചികൾ ഉണ്ട് - പുളിയും മധുരവും. മാങ്ങ കൊണ്ട് മാമ്പഴപ്പുളിശ്ശേരി, പച്ചമാങ്ങ അച്ചാർ തുടങ്ങി പലതരം ഭക്ഷണങ്ങൾ ഉണ്ടാക്കാം. നമ്മുടെ ചു റ്റുവട്ടത്തിൽ ഒരുപാട് കാണുന്ന ഒന്നാണ് മാവ്. മാങ്ങ പലതരം - വരിക്ക, മൽഗോവ, കിളിച്ചുണ്ടൻ, മൂവാണ്ടൻ, വെള്ളരി ...... തുടങ്ങി നിരവധി തരത്തിലുള്ള മാങ്ങകൾ ഉണ്ട്. മാങ്ങ മീൻ കറിയിൽ ഉൾപ്പെടുത്തുന്നുണ്ട്. വെയിലത്തുണക്കി സൂക്ഷിക്കാറുമുണ്ട്.

മാമ്പഴം അതിന്റെ രുചിയിലും പോഷകമൂല്യത്തിലും സാംസ്കാരിക

പ്രാധാന്യത്തിലും സമാനതകളില്ലാത്ത ഒരു
പഴമാണ്. സമ്പന്നമായ ചരിത്രവും, പാചക
ഉപയോഗങ്ങളിലെ വൈദഗ്ധ്യവും, സാമ്പത്തിക
പ്രാധാന്യവും കൊണ്ട് മാമ്പഴം ( മാവ്) ഇവിടെ
നിലനിൽക്കുന്നു.





**Suchithra**
**9D**

# RABINDRANATH TAGORE

*Rabindranath Tagore was born in 1861. He is often referred to as Gurudev. He was an Indian poet, artist, musician and philosopher. His collection 'Gitanjali' won him the Nobel prize for literature in 1913, recogonising his profound insights and philosophical depth. Tagore was not only a literary icon, but also a key figure in Indian Fight for independence. He is the renowned composer of the national anthem of India - 'Jana Gana Mana'.*




കഥ

# അനാഥയായ കുട്ടി



ലിഡിയ
9B

ഒരിക്കൽ ഒരിടത്ത് അമ്മു എന്നു പേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു. അവൾക്ക് അച്ഛനും അമ്മയും ഇല്ലായിരുന്നു. അമ്മു അവളുടെ മുത്തച്ഛന്റെയും മുത്തശ്ശിയുടെയും ഒപ്പം ആയിരുന്നു ജീവിച്ചിരുന്നത്. അമ്മുവിന്റെ മുത്തച്ഛനും മുത്തശ്ശിക്കും തീരെ സുഖമില്ലായിരുന്നു. അവർക്ക് മരുന്ന് വാങ്ങാൻ പോലും അമ്മുവിന്റെ കയ്യിൽ കാശില്ലായിരുന്നു. അതുകൊണ്ട് അവളുടെ ബാല്യകാലത്തിൽ തന്നെ പഠിത്തം നിറുത്തി. അവളുടെ മുത്തച്ഛനെയും മുത്തശ്ശിയെയും നന്നായി നോക്കാനായി അവൾ ഒരു വീട്ടിൽ ജോലിക്ക് പോയി. ആ വീട്ടിലെ ഉടമസ്ഥൻ വലിയ ദേഷ്യക്കാരനായിരുന്നു. അവൾ അമ്മുവിനെക്കൊണ്ട് എല്ലാ ജോലിയും ചെയ്യിപ്പിക്കും. അങ്ങനെ കുറെ ദിവസങ്ങൾ കഴിഞ്ഞു. അയാളുടെ വീടിന്റെ പണി

നടക്കുകയായിരുന്നു. ആ വീടിന്റെ ഉടമസ്ഥൻ കല്ലെടുക്കാൻ ചുമട്ടുകാരെ വച്ചില്ല പകരം അമ്മുവിനെ ആയിരുന്നു അയാൾ ചുമട്ട ചുമക്കാൻ വച്ചിരുന്നത്. അമ്മു കല്ലെടുത്ത് അവളുടെ കൈ മുറിഞ്ഞു. അമ്മു കരഞ്ഞുകൊണ്ട് പണിയെടുക്കാൻ തുടങ്ങി.അമ്മു കരഞ്ഞുകൊണ്ട് പണിയയെടുക്കുന്നത് ഒരു വലിയ പണക്കാരൻ തന്റെ കാറിൽ ഇരുന്ന് കണ്ടു കൊണ്ടിരിക്കുകയായിരുന്നു. അയാൾ അമ്മുവിനെ വിളിച്ചു ചോദിച്ചു- "നീയെന്താ ചുമട്ട ചുമക്കുന്നത്". അമ്മു പറഞ്ഞു- "ഈ വീടിന്റെ ഉടമസ്ഥനാണ് എന്നെ ചുമട് എടുക്കാൻ നിർത്തിയത്. ആ പണക്കാരൻ അവളോട് - "നീ സ്കൂളിൽ ഒന്നും പോകുന്നില്ലേ" എന്ന് ചോദിച്ചു അമ്മു അയാളോട് വീട്ടിലുള്ള എല്ലാ കാര്യവും പറയുന്നു. അയാൾ ആ കുട്ടിയെ കാറിൽ കയറ്റി അവളുടെ വീട്ടിൽ കൊണ്ടുവിട്ടു. എന്നിട്ട് അവളുടെ മുത്തച്ഛനും മുത്തശ്ശിക്കും മരുന്ന് വാങ്ങുവാനും അമ്മുവിന്റെ ആവശ്യത്തിനായിട്ടും അയാൾ അവർക്ക് കാശു കൊടുത്തു എന്നിട്ട് അയാൾ അമ്മൂമ്മയുടെ വീട്ടിൽ കൊണ്ടുപോയി.അവളെ പഠിപ്പിച്ചു.